**സഹ്യപർവ്വതത്തിനും അറബിക്കടലിനുമിടയിലുള്ള പ്രദേശം 99 വർഷത്തേക്ക് നൽകാമെങ്കിൽ ഞങ്ങൾ ദൈവത്തിന്റെ സ്വന്തം സ്വർഗമാക്കി തരാമെന്ന് ഏതെങ്കിലും ആഗോള മൂലധന ശക്തി പ്രഖ്യാപിച്ചാൽ രണ്ടാമതൊന്നാലോചിക്കാതെ സർവ്വകക്ഷിയോഗം കൂടി സമ്മതം നൽകുന്ന അവസ്ഥയിലേക്ക് കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയം സമരസപ്പെട്ടിരിക്കുന്നുവെന്ന ആശങ്ക പങ്കുവയ്ക്കുന്നു**

**ഹാഷിം ചേന്ദാമ്പിള്ളി**




വര: സോമൻ കടലൂർ

# ഇരകളുടെ രാഷ്ട്രീയം നിർണ്ണായകമാവും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഒക്ടോബർ അവസാനവാരം നടക്കുന്ന തിരഞ്ഞെടുപ്പ് മുമ്പെന്നത്തേക്കാൾ ശ്രദ്ധിക്കപ്പെടാൻ പോകുന്നത് പലവക വികസനങ്ങളുടെ പേരിൽ ഇരകളാക്കപ്പെടുകയോ പാർശ്വവൽക്കരിക്കപ്പെടുകയോ ഈ ഭീഷണിയുടെ നിഴലിൽ ജീവിക്കുകയോ ചെയ്യുന്ന കേരളത്തിലെ സാധാരണ മനുഷ്യരുടെ നിലപാടുകൾ മൂലമായിരിക്കും. ദേശീയപാത സ്വകാര്യവൽക്കരണം പോലുള്ള പകൽകൊള്ളയ്ക്കും അതിന്റെ പേരിലുള്ള വൻ കുടിയൊഴിപ്പിക്കലിനും യാതൊരു ഉളുപ്പുമില്ലാതെ സമ്മതം മൂളിയ രാഷ്ട്രീയപാർട്ടികളെ കേരളത്തിലെ ജനങ്ങൾ ഭയപ്പാടോടെ കണ്ടുതുടങ്ങിയിട്ടുണ്ട്. സഹ്യപർവ്വതത്തിനും അറബിക്കടലിനുമിടയിലുള്ള പ്രദേശം 99 വർഷത്തേക്ക് നൽകാമെങ്കിൽ ഞങ്ങൾ ദൈവത്തിന്റെ സ്വന്തം സ്വർഗമാക്കിതരാമെന്ന് ഏതെങ്കിലും ആഗോള മൂലധന ശക്തി പ്രഖ്യാപിച്ചാൽ രണ്ടാമതൊന്നാലോചിക്കാതെ സർവ്വകക്ഷിയോഗം കൂടി സമ്മതം നൽകുന്ന അവസ്ഥയിലേക്ക് കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയം സമരസപ്പെട്ടിരിക്കുന്നുവെന്നത് ആശങ്കാജനകമാണ്. ഇക്കാര്യത്തിൽ വലതെന്നോ ഇടതെന്നോ പരിവാരെന്നോ വ്യത്യാസമില്ല. വിറ്റുതുലക്കൽ (disin-

vestment) ഒരു വകുപ്പായി കണ്ട് അതിന് ഒരു മന്ത്രിയെതന്നെ നിയമിച്ച ബിജെപിയുടെയും രണ്ട് പതിറ്റാണ്ടായി സ്വകാര്യ-ഉദാരവൽക്കരണത്തിനായി അഹോരാത്രം പണിയെടുക്കുന്ന കോൺഗ്രസ്സിന്റെയും നയങ്ങളിൽ അതിശയോക്തി നഷ്ടപ്പെട്ടുവെന്ന് പറയാം. എന്നാൽ ഈ നയങ്ങളെ ചോരയും നീരും കൊടുത്ത് ചെറുക്കും എന്ന് ആണയിടുന്ന ഇടതുപക്ഷത്തിന്റേത് കപടതയാണെന്ന് തെളിഞ്ഞിരിക്കുന്നു. ഉത്തർപ്രദേശിലെ അലിഗഡിലെ സ്വകാര്യപാതയ്ക്കെതിരെ ശബ്ദമുയർത്തുന്ന ഇടതുപക്ഷം, പൊതുമേഖലയിലെ ഏതാനും ഓഹരികൾ പോലുംവിൽക്കുന്നതിനെ എതിർക്കുന്നവർ, കേരളത്തിലെ ഏറ്റവും മൂല്യമേറിയതും ജനകീയമായതുമായ ദേശീയപാതകൾ സ്വകാര്യ കുത്തകകളുടെ കൈകളിലേക്ക് എറിഞ്ഞ് കൊടുക്കുന്നതിനെ 'റാൻ' മൂളി പിന്തുണക്കുന്ന കാഴ്ച അതിശയിപ്പിക്കുന്നതാണ്. ഇരിണാവിലും, കിനാലൂരും, മെത്രാൻ കായലിലും, എച്ച്.എം.ടി ഭൂമിയിടപാടിലും, വളന്തകാടും, അങ്കമാലിയിലെ തുറവൂരും ദേശീയപാതകളുടെ ബി.ഒ.ടിവൽക്കരണത്തിലുമെല്ലാം ഭരണപക്ഷത്തെ കെങ്കേമന്മാർ പ്രകടിപ്പിച്ച ആർത്തി വിരൽ ചൂണ്ടുന്നത് "ഇടതുപക്ഷ"ത്തിന്റെ "മൂലധന പക്ഷ"ത്തേക്കുള്ള നയവ്യതിയാനത്തിന്റെ പച്ചപ്പരമാർത്ഥത്തിലേക്കാണ്.

സ്വദേശവിദേശ കുത്തകകൾക്ക് പരവതാനി വിരിക്കാൻ മണ്ണ്, പാർപ്പിടം, തൊഴിൽ, വരുമാനം എന്നിവ നഷ്ടപ്പെട്ട് തെരുവാധാരമാക്കപ്പെടുന്ന നാടിന്റെ മക്കൾ എത്രലക്ഷമായാലും രാഷ്ട്രീയപാർട്ടികൾക്ക് ഭയമില്ലാതായിരിക്കുന്നു. എത്ര ജനവിരുദ്ധപദ്ധതിയായാലും അവരൊറ്റക്കെട്ടായി അംഗീകരിച്ചാൽ ഇരകൾക്ക് ശത്രുവിനെ വേർതിരിച്ച് ഒറ്റപ്പെടുത്താനാവില്ലല്ലോ. രാഷ്ട്രീയനേതൃത്വത്തിന്റെ ഈ പുത്തൻ അടവ് കേരളം ഭയപ്പാടോടെ നോക്കിക്കാണേണ്ടതുണ്ട്. ജനപക്ഷത്തെ മറക്കാനും ചൂഷകർക്കും, കുത്തകകൾക്കും അനുകൂലമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനും എളുപ്പവഴി എന്ന നിലയിൽ ഒരു പുത്തൻ സമവായ സൂത്രവാക്യമാണ് ഇതിലൂടെ സ്വാർത്ഥ രാഷ്ട്രീയക്കാർ പ്രയോഗിക്കുന്നത്.

**ഏപ്രിൽ 20ലെ ജനപക്ഷ സർവ്വകക്ഷി തീരുമാനത്തിൽ നിന്ന് ആഗസ്റ്റ് 17 ലെ ജനവിരുദ്ധ സർവ്വകക്ഷി സമവായത്തിലേക്കുള്ള ദൂരം എത്രയാണെന്ന് അന്വേഷിച്ചാൽ കോടികളുടെ കിലുക്കം കേൾക്കാനാവും. വരുന്ന 30വർഷം കൊണ്ട് സ്വകാര്യ കമ്പനികൾ കേരളത്തിലെ രണ്ട് ദേശീയ പാതകളിൽനിന്ന് മാത്രമായി 75000 കോടി രൂപ കൊള്ളയടിക്കും എന്ന് പ്രൊജക്ട് റിപ്പോർട്ടിലെ കണക്കിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥ ലാഭക്കണക്ക് ഇരട്ടിയാകുമെന്നുറപ്പ്**

ഇവിടെയാണ് ഇരകളുടെ രാഷ്ട്രീയം പിറക്കുന്നത്. ഏപ്രിൽ 20-ലെ ജനപക്ഷ സർവ്വകക്ഷി തീരുമാനത്തിൽനിന്ന് ആഗസ്റ്റ് 17-ലെ ജനവിരുദ്ധ സർവ്വകക്ഷി സമവായത്തിലേക്കുള്ള ദൂരം എത്രയാണെന്ന് അന്വേഷിച്ചാൽ കോടികളുടെ കിലുക്കം കേൾക്കാനാവും. വരുന്ന 30വർഷം കൊണ്ട് ബി.ഒ.ടി കമ്പനികൾ കേരളത്തിലെ രണ്ട് ദേശീയപാതകളിൽനിന്ന് മാത്രമായി 75000 കോടി രൂപ കൊള്ളയടിക്കും എന്ന് പ്രൊജക്ട് റിപ്പോർട്ടിലെ കണക്കിൽ തന്നെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥ ലാഭക്കണക്ക് ഇതിന്റെ ഇരട്ടിയാകുമെന്നുറപ്പാണ്. വികസനത്തിന്റെ മറവിൽ കേരളത്തിലെ ജനങ്ങളെ കൊള്ളയടിക്കുവാൻ സമ്മതം മൂളുന്ന രാഷ്ട്രീയ നേതാക്കളുടെ കണ്ണ് മൂലധനശക്തികൾ പ്രത്യുപകാരമായി നൽകിയേക്കാവുന്ന ഈ സഹസ്രകോടികളുടെ പങ്കിലേക്കാണെന്ന് വ്യക്തമാണ്.

പതിറ്റാണ്ടുകളായി കഷ്ടപ്പെട്ട് പണിയെടുത്ത് സമ്പാദിച്ച ഇത്തിരിമണ്ണും ഉപജീവനോപാധികളും വികസനമെന്ന കള്ളപ്പേരിൽ പിടിച്ചെടുക്കാനും അത് മുഴുവൻ മൂലധനശക്തികളുടെ കാൽക്കൽ സമർപ്പിക്കാനും വേണ്ടി പടച്ചിറക്കിയിട്ടുള്ള കള്ളപ്പാക്കേജ് ജനം തള്ളിക്കളഞ്ഞു കഴിഞ്ഞു.

മുതലാളിമാർക്ക് വിട് വേലചെയ്യുന്ന രാഷ്ട്രീയ പാർട്ടികളെ നിലക്ക് നിർത്താൻ ദേശീയപാത സമരത്തിലെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ഇരകൾ തീരുമാനിച്ചുകഴിഞ്ഞു. ഈ വരുന്ന തിരഞ്ഞെടുപ്പിൽ റോഡ് ബി.ഒ.ടിവൽക്കരണത്തിനും 45 മീറ്ററിൽ അനാവശ്യമായ കുടിയൊഴിപ്പിക്കലിനും വേണ്ടി വാദിക്കുന്ന രാഷ്ട്രീയപാർട്ടികളുടെ സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്യില്ലയെന്ന് ഒറ്റക്കെട്ടായി തീരുമാനമെടുത്ത് കഴിഞ്ഞു. എല്ലാ വീടുകളുടേയും വസ്തുവകകളുടെയും മുമ്പിൽ ഇക്കാര്യം രേഖപ്പെടുത്തി ഫ്ളക്സ് ബാനറുകൾ കെട്ടിത്തുടങ്ങി. പാഠംപഠിപ്പിക്കാനല്ല മറിച്ച്, ജനങ്ങളെ മറന്ന് കോർപ്പറേറ്റുകളുടെ താൽപര്യം അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ ജനപക്ഷതിരിച്ചടി നേരിടേണ്ടിവരുമെന്ന മുന്നറിയിപ്പാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

ഇത്തരത്തിൽ കേരളത്തിലെ മറ്റ് ജനവിരുദ്ധപദ്ധതി പ്രദേശങ്ങളിലെ ഇരകളും കൂടി ഒത്തുചേർന്ന് കൊണ്ടിരിക്കുകയാണ്. ഇത് സാധ്യമാവുന്നിടത്താണ് ഇരകളുടെ രാഷ്ട്രീയം ശക്തിപ്രാപിക്കുന്നതും ഒരുപക്ഷെ കേരളത്തിൽ ഒരു ബദൽ അല്ലെങ്കിൽ മൂന്നാം മുന്നണി എന്ന തലത്തിലേക്ക് അത് വളരുകയും ചെയ്യുന്നു എന്ന പുത്തൻ പ്രതീക്ഷ ഉടലെടുക്കുന്നത്.

(ദേശീയപാത സംയുക്ത സമരസമിതി ജ. കൺവീനർ)

ഫോൺ: 9495559055